# AMRITA VIDYALAYAM

## AMRITA PRE BOARD EXAMINATION 2 - 2018 - '19

**Class : X** **Marks : 80**
**Time : 3 hrs**

# മലയാളം

| |
|---|
| This question paper is divided into four sections. |
| Section A : Reading comprehension - 10 marks |
| Section B : Writing - 16 marks |
| Section C : Grammar - 17 marks |
| Section D : Literature - 37 marks |

## എ. വിഭാഗം

**1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

ഒരാളുടെ ഹൃദയത്തെ പിടിച്ചുലച്ച വൈകാരികവും വൈചാരികവുമായ ഭാവങ്ങൾ അതേ അളവിലും ശക്തിയിലും മറ്റൊരാളുടെ ഹൃദയത്തിൽ ശബ്ദരൂപമായി പകരുന്നതാണ് കവിത. ഭാരതീയ സാഹിത്യാചാര്യന്മാർ രസാസ്വാദനമെന്നു പറയുന്നതും ഇതുതന്നെ. രസാസ്വാദനം സുഗമമാകണമെങ്കിൽ കവിതയിലൂടെ ആവിഷ്കരിക്കുന്ന ഭാവം ആസ്വാദകന് ഉൾക്കൊള്ളാൻ കഴിയണം. കവിത വഴി ആവിഷ്കരിക്കുന്ന ഭാവം ആസ്വാദകന്റെ ഹൃദയത്തെ കീഴടക്കുകയും വേണം. അനുവാചകനും ചില ഗുണങ്ങളൊക്കെ ആവശ്യമാണ്. സഹൃദയൻ, വിദ്വാൻ, രസജ്ഞൻ എന്നെല്ലാം അനുവാചകനെ പറയും. പ്രതിപാദ്യവുമായി തന്മയീഭവിക്കുവാനുള്ള കാവ്യസംസ്കാരം അയാൾക്കുണ്ടായിരിക്കണം. കവിയുടെ ഹൃദയത്തിന് സമാനമായ ഹൃദയമുള്ളവൻ എന്നാണ് സഹൃദയ ശബ്ദത്തിനർത്ഥം. ജീവാത്മാവ് സകലപരിമിതിയും വിട്ട് പരമാത്മാവിൽ ലയിക്കുന്നതുപോലെ സഹൃദയൻ എല്ലാം മറന്ന് കാവ്യവസ്തുവിൽ അലിഞ്ഞുചേരുന്ന അവസ്ഥയാണ് താദാത്മ്യം. ഒരു കാവ്യം വായിക്കുകയോ നാടകം കാണുകയോ ചെയ്യുമ്പോൾ സഹൃദയൻ വ്യക്തിഗതമായ സുഖദുഃഖങ്ങൾക്ക് അതീതനായി മനുഷ്യസാമാന്യത്തിൽപ്പെട്ട ഒരാളായി മാറുന്നു. അതോടെ പ്രതിപാദ്യത്തിൽ ലയിക്കുന്നു.

**ചോദ്യങ്ങൾ.** **10**

a) എന്താണ് കവിത?
b) രസാസ്വാദനം സുഗമമാകണമെങ്കിൽ എന്തു ചെയ്യണം?
c) അനുവാചകന് എന്തെല്ലാം ഗുണങ്ങൾ ഉണ്ടായിരിക്കണം?
d) സഹൃദയൻ പ്രതിപാദ്യത്തിൽ ലയിക്കുന്നതെപ്പോൾ?
e) ഖണ്ഡികക്ക് ഉചിതമായ ഒരു തലക്കെട്ട് നൽകുക.

## ബി. വിഭാഗം

**2. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടരപുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

a) ജനാധിപത്യവ്യവസ്ഥിതിയിൽ വാർത്താമാധ്യമങ്ങളുടെ പങ്ക്.
b) രാഷ്ട്രപുനർനിർമ്മാണത്തിൽ വിദ്യാർത്ഥികളുടെ പങ്ക്
c) പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത.

**3. കേരളം നേരിട്ട പ്രളയക്കെടുതിക്ക് സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുകൊണ്ട് പ്രധാനമന്ത്രിക്ക് ഒരു കത്തു സമർപ്പിക്കുക.** **8**

## സി. വിഭാഗം

**4. പ്രയോഗം മാറ്റുക.** **2**

a) പാപികൾ കള്ളത്തരം കൊണ്ടാണ് എന്നെ കൊന്നത്.

b) കടലാസിലെ വിവരങ്ങൾ പാറാവുകാരനാൽ ഒരിക്കൽ കൂടി ശ്രദ്ധിച്ച് വായിക്കപ്പെട്ടു.

**5. അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** **2**

a) മാങ്ങ പഴുത്തുകഴിയുമ്പോഴാണല്ലോ രസം അതിന്റെ പരമോച്ചനില പ്രാപിക്കുന്നത്.

b) ഞാൻ ചെറിയ കുട്ടിയായിരുന്നപ്പോൾ കാണാറുള്ള ദാദായുടെ 'നമസ്കാര' ചടങ്ങുകൾ എന്നെ ആകർഷിച്ചിരുന്നു.

**6. പിരിച്ചെഴുതി സന്ധി നിർണയിക്കുക.** **2**

a) ക്രോധമറികെടോ b) വല്ലിയായി

**7. വിഗ്രഹിച്ചെഴുതി സമാസം നിർണ്ണയിക്കുക.** **2**

a) മന്ത്രോച്ചാരണം b) സഹതാപം

**8. പര്യായപദങ്ങൾ എഴുതുക.** **2**

a) ചഞ്ചുശ്രവണൻ b) പട്ടണം

**9. നാനാർത്ഥങ്ങൾ എഴുതുക.** **2**

a) നീര് b) കരി

**10. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **2**

a) ദ്രൗണി നൃപരാജാവിനെ ആശ്ലേഷിച്ചു കെട്ടിപ്പിടിച്ചു വിടവാങ്ങി ആർത്തുവിളിച്ചുകൊണ്ടു മറ്റു രണ്ടുപേരോടുകൂടി അവിടം വിട്ടുപോയി.

b) പീളയടിഞ്ഞ് മങ്ങിനിറംപോയ കണ്ണുകളെന്തേയടയ്കകാതെവച്ചമ്മ നിർദ്ദയം?

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.**

**11. വിപരീതപദം എഴുതുക.** **1**

a) ഹിതം (രഹിതം, സഹിതം, അഹിതം, മഹിതം)

b) വിയോഗം (സംയോഗം, അയോഗം, നിയോഗം, യോഗം)

**12. അർത്ഥവ്യത്യാസം എഴുതുക.** **1**

a) ശീലം – ശില (സ്വഭാവം, മാറ്റം, കല്ല്, കിളി, പുടവ)

b) പ്രമാദം – പ്രമദം (ദുഃഖം, സന്തോഷം, തെറ്റ്, മൂകം, രാത്രി)

**13. എതിർലിംഗം എടുത്തെഴുതുക.** **1**

a) പ്രിയ

(പ്രിയതമൻ, പ്രേയസി, പ്രണയിനി, പ്രിയൻ)

b) കുരുടൻ (കുരുടി, കുരുട, അന്ധ)

## ഡി. വിഭാഗം

**14. ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക.** **2½**

a) ശ്രീരാമപട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ് കുപിതനായതാര്?

(ശ്രീരാമൻ, ലക്ഷ്മണൻ, ഭരതൻ, കൈകേയി)

b) പുതുതലമുറയിലെ ശ്രദ്ധേയനായ കവി ആര്?

(മധുസൂദനൻ നായർ, റഫീക്ക് അഹമ്മദ്, ഷരൺകുമാർ, ലിംബാളെ, യു.കെ. കുമാരൻ)

c) ഏറെ വർഷങ്ങൾക്കുശേഷം നളിനി ദിവാകരനെ എവിടെവെച്ചാണ് കണ്ടുമുട്ടുന്നത്?

(താഴ്വരയിൽ, ഹിമാലയത്തിൽ, പർവ്വതശിഖരത്തിൽ, നാട്ടിൽ)

d) നഗരജീവിതത്തിന്റെ പുതുവഴികളിൽ കണ്ണിചേരേണ്ടിവരുമ്പോഴും കെടാവിളക്കായി കവിയുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നതാര്?
(ഭാര്യ, മകൾ, അമ്മ, നാട്)

e) 'അശ്വമേധം' എന്ന കവിത ഏതുകൃതിയിൽ നിന്നാണ് എടുത്തിട്ടുള്ളത്?
(അയിഷ, മുളങ്കാട്, പാദമുദ്രകൾ, സർഗസംഗീതം)

**15.**a) വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായി തോന്നിയത്? **2½**
(പനമ്പട്ടകൾ സംസാരിക്കുന്നത്, കഞ്ഞിയുടെ നനവ്, കണ്ണുനീരിന്റെ ഓതം, പട്ടകളിൽ കാറ്റിരമ്പുന്നത്)

b) 'ഞാൻ എനിക്കുവേണ്ടി മരിച്ചവരുടെ ഒപ്പമെത്താൻ വെമ്പുകയാണ്'–എന്നു പറഞ്ഞതാര്?
(ദുര്യോധനൻ, കൃപർ, ഭീഷ്മർ, അശ്വത്ഥാമാവ്)

c) 'അക്കർമാശി' മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര്?
(ഷരൺകുമാർ, ഷരൺകുമാർ ലിംബാളെ, ദാമോദരൻ, കാളിയത്ത് ദാമോദരൻ)

d) ഭുവനവിദിതമായ മാവിന്റെ വംശത്തിൽ വന്നു പിറന്നതാര്?
(ചക്കരച്ചി, കൊച്ചുചക്കരച്ചി, പൊന്നശോകം, അശ്വത്ഥം)

e) ചെറുകഥാരചനയിൽ കഥാകാരന്റെ ആദ്യത്തെ ഗുരുനാഥ ആരായിരുന്നു?
(അമ്മ, മുത്തിത്തള്ള, ഭാര്യ, കഥാകാരൻ)

**16. ഉത്തരം എഴുതുക. 12**

a) ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്താനായി ശ്രീരാമൻ ലക്ഷ്മണനോട് പറയുന്ന കാര്യങ്ങൾ എന്തെല്ലാമാണ്?

b) 'ഈശ്വരനല്ല, മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൽ മനുഷ്യത്വമാണു ഞാൻ'– ഈ വരികളിൽ തെളിയുന്ന കവിയുടെ ജീവിത വീക്ഷണം വ്യക്തമാക്കുക.

c) 'അമ്മതന്നെയാണ് മാതൃഭാഷ' എന്ന പ്രസ്താവന കവിതയിലെ ആശയങ്ങളോട് എത്രമാത്രം പൊരുത്തപ്പെട്ടു കിടക്കുന്നു?

**17.**a) 'കടൽത്തീരത്ത്' എന്ന ചെറുകഥയിൽ പൊതിച്ചോറിനുള്ള സ്ഥാനം വിശകലനം ചെയ്യുക. **12**

b) പാണ്ഡവർ നേടിയ വിജയത്തെ 'വല്ലപാടും നേടിയ വിജയം' എന്ന് ലേഖകൻ വിശേഷിപ്പിച്ചതിന്റെ ഔചിത്യം വ്യക്തമാക്കുക.

c) 'ഈയാണ്ടിൽ അതു കായ്ച്ചു. അവൾ പുളിച്ചിയാണ്'. പുളിച്ചിമാങ്ങയുടെയും തേനൂറുന്ന മാങ്ങകളുടെയും സ്വാദ് താരതമ്യം ചെയ്ത് ഒരു കുറിപ്പു തയ്യാറാക്കുക.

**18. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 8**

a) ചട്ടമ്പിസ്വാമികൾക്ക് 'വിദ്യാധിരാജൻ' എന്ന പേര് ലഭിച്ചതെങ്ങനെ?

b) ചട്ടമ്പിസ്വാമികളും വിവേകാനന്ദനും തമ്മിലുള്ള കൂടിക്കാഴ്ചയെക്കുറിച്ച് ഒരു ഖണ്ഡിക തയ്യാറാക്കുക.

c) ചട്ടമ്പിസ്വാമികളുടെ സന്ദേശം വ്യക്തമാക്കുക.